
# തൂലിക

## സെന്റ് ജോസഫ്സ് .എച്ച് .എസ് ,വരാപ്പുഴ



# തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ




## മദർ ഏലിശ്വ

## (സ്ഥാപക)

തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി.....



## സിസ്റ്റർ. മേരി ഹെലൻ ( ഹെഡ്മിസ്ട്രസ് )



സിനിത ടീച്ചർ ( ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ് )



മഞ്ജു ടീച്ചർ ( ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്)

# ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി ഇന്ത്യയിലെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയാണ്.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ













തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# എഡിറ്റോറിയൽ ബോർഡ്



അലിൻ മരിയ ജൂബി

സോനിഷ ജൂഞ്ജി ഡെലക്സ്

മെറിൻ ബെന്ന മാത്യു

ലയ ലക്ഷ്മി

ജെസ്ന ഫ്രാൻസിസ്

# സന്ദേശം

സാങ്കേതിക വിദ്യയുടെ ഉന്നത തലങ്ങളിലേക്ക് ലോകം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്.സാങ്കേതികതയുടെ വിശാലലോകത്തേക്ക് സ്കൂൾ വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബുകൾ രൂപീകരിച്ചിട്ടുള്ളത്.ഈ സംരംഭത്തിൽ നമ്മുടെ കുട്ടികളും പങ്കാളികളാണെന്നതിൽ

നമുക്ക് അഭിമാനിക്കാം. ക്ലബ്ബ് പ്രവർത്തനങ്ങൾ വഴി ആർജ്ജിച്ചെടുക്കുന്ന ഐടി നൈപുണികൾ കുട്ടികളെ അറിവിന്റെ ഉന്നതങ്ങളിലേക്ക് എത്തിച്ചേരാൻ പ്രാപ്തരാക്കട്ടെ.ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ സ്കൂൾ മാഗസിൻ രൂപീകരണത്തിൽ പങ്കാളികളായ എല്ലാ കൈറ്റ് അംഗങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട്,

_ഹെഡ്മിസ്ട്രസ്



തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# മലയാളം

# ഉള്ളടക്കം


- മതിലേരിക്കന്നി
- പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ
- പുലരിപ്പൂവ്
- വിശ്വം ദീപമയം
- കണ്ണന്റെ അമ്മ
- വഴിക്കിണർ
- കാളകൾ
- സമൂഹമാധ്യമങ്ങളും കുട്ടികളും
- നാട്ടുമാവ്
- പഴഞ്ചൊല്ലുകൾ
- വീമ്പിളക്കിയാൽ പോരാ...
- ഗാന്ധിസാഹിത്യസംഗ്രഹം
- കുട്ടിക്കവിതകൾ
- സി.വി ശ്രീരാമൻ
- അന്യജീവനുതകി സ്വജീവിതം

# തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ


- കടംകഥകൾ
- ഒരു കുടന്ന വെളിച്ചവുമായി
- എന്റെ വിദ്യാലയം
- എങ്ങുപോയി ?
- ചെറുശ്ശേരി
- വെന്താമരപ്പൂവിൽ
- അമ്മ
- നിലാവിനോട്
- സാന്ദ്രസൗഹൃദം
- അമ്മ നന്മ
- ഉള്ളൂർ എസ് പരമേശ്വരയ്യർ
- തുടിതാളം തേടി
- സഹപാഠികൾ
- ആഭരണം
- രാമപുരത്ത് വാര്യർ
- പുലിയായി മാറിയ എലി

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞതല്ലോ കുഞ്ഞിക്കന്നി
കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാടുവഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടരിക്കട്ടേമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്ത്തട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

പതിനേഴും കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ
നാട്ടുവാഴീരുന്നാലേ ഞാനിരിക്കൂ
നാളത്തേ പുല്ലുപുലരും കാലം
വേണാട് പൂങ്കൊയിലോം പോണെനിക്ക്
തിരിവെഴുത്താലോലാതുകാണന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യല്ലും കണ്ണായിത്തോന്ന്യേനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിതെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്ത്ത താപ്പൂട്ടി വന്നോളാലോ.

സമ്പാദനം ടി.എച്ച്. കുഞ്ഞിരാമൻനമ്പ്യാർ



# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ
ക്കിരയുമായിതാ തിടുക്കത്തിൽ പറ
ന്നണയുന്നു.പെട്ടെന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു
നിങ്ങളെൻ ലോകത്തെ എന്തു ചെയ്തു
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു

(സുഗതകുമാരി)

# പുലരിപ്പൂവ്

പുലരിയിൽ വിരിയും പൂവാണ്
പൊന്നൊളി ചൊരിയും പൂവാണ്
പൊങ്ങിപോകും പൂവാണ്
പൂമണമില്ല പൂവാണ്
നിഴല് വിരിക്കും പൂവാണ്
നേരം കാട്ടും പൂവാണ്
ആയിരമല്ലി പൂവാണ്
ആരും നുകരാ പൂവാണ്
രാത്രിയിൽ മറയും പൂവാണ്
പ്രകാശം ചൊരിയും പൂവാണ്
പൂമ്പൊടിയില്ല പൂവാണ്
ഇലയോ കായോ ഇല്ലേയില്ല.

സെൻ്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# വിശ്വം ദീപമയം

- ഉള്ളൂർ എസ്. പരമേശ്വരയ്യർ

മാലുള്ളതാണി മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരെ! നാം?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപോയ്പ്പോയ് പകലെന്നുവെച്ച്
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്ക്
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയേകാ-
ണ്ടിരുട്ടുതൻക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-
പുദ്ദീപമേകുന്നു കൊളുത്തി വീണ്ടും.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

വേലയ്ക്ക് ദീപപ്രഭയത്രെ വേണം;
വിശ്രാന്തികൊള്ളുന്നതിനിത്ര പോരും;
അതായിരിക്കാം പൊരുളാപ്രവൃത്തി-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു
ചെയ്യോൻ

വിളക്കു കത്തിപ്പതിനന്തിയാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ?
തിരിയിൽക്കൊളുത്താൻ?
അല്ലെങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും,വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ?

## തൂലിക


സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

ഉണർന്നിടാമെന്നു നിനച്ചുതന്നെ -
യുറങ്ങുവാനൊർപ്പതു നമ്മളെല്ലാം;
പ്രാദുർഭവിച്ചാൽ മതി,യമ്മഹത്താം
പ്രത്യാശ സർവത്തിലുമൊന്നുപോലെ.

മനസ്സിൽ നൈരാശ്യംമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യാഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സുര്യാംശുദീപ്തം പകൽപോലെതന്നെ.

കല്പശാഖി






സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# കണ്ണന്റെ അമ്മ

കണ്ടോ കണ്ണനെ കണ്ണും ചുവന്നമ്മ
കാട്ടിൽ തേടിനടക്കുന്നു
കണ്ടില്ല ഞങ്ങൾ കണ്ടില്ല കരിവണ്ടും
തുമ്പിയും മൂളുന്നു
കണ്ടില്ല ഞങ്ങൾ കണ്ടില്ല മലർച്ചെണ്ടുകൾ
മിണ്ടാതെ നിൽക്കുന്നു
കണ്ടിട്ടേയില്ലാഞാനെന്നും പേടമാൻ
കണ്ണും നീട്ടിതിരിയുന്നു
കണ്ണനിക്കാട്ടിലേ വന്നില്ല!കൊച്ചു
കാളിന്ദിയോളങ്ങൾ തുള്ളുന്നു
കഴലുകഴച്ചുവലഞ്ഞപ്പോളമ്മ
തിരിയേപോവാൻ തുടങ്ങുമ്പോൾ



തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

കാടിൻ നീലിച്ച ഹൃത്തിൽ
നിന്നപ്പോളൊരോടക്കുഴൽ വിളിപൊങ്ങുന്നു
കമ്പു കരം വിട്ടുവീഴുന്നു മുഖം
പുഞ്ചിരികൊണ്ടു തിളങ്ങുന്നു
കണ്ണംപൂട്ടിനിന്നമ്മതൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു.....

# വഴിക്കിണർ

ഓരോ വഴിക്കിണറിനും
പരിചയമുണ്ട്
തന്നിലേക്കിറങ്ങി വന്ന്
ഒടുങ്ങിയ കിതപ്പുകളെ
ഭ്രാന്തകാലത്തെ
ജീവിതസഞ്ചാരങ്ങളെ

ഏതു വഴിപോയാലും
മക്കളെതിരയുന്നമ്മയെ കാണു
കറുത്തകാലക്കടലിന്റെ
തിരയടിയൊച്ചകേൾക്കുന്നു

ഊഴംനോക്കി നിൽക്കുന്നു
വഴിക്കിണറിന്റെ
ആഴമാർന്ന വിശപ്പുകൾ
പിഴച്ച കാലത്തിന്റെ

ജുലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ഇരുൾപഥങ്ങളിൽ

അപ്പം തേടിപ്പോയ കുട്ടികൾ
അന്തിമയങ്ങിയിട്ടും തിരികെവന്നില്ല
കിണറ്റിൽ തൊട്ടിയിട്ട് കോരുമ്പോൾ
വഴികിണറ്റിലെ വെള്ളത്തിന്
ചോരയുടെ നിറവും മണവും
വഴികിണറിന്റെ ആഴങ്ങളിൽ നിന്നും
നക്ഷത്രദൂരത്തേയ്ക്കുറ്റുറിച്ചുനോക്കുന്ന
മൂന്നുപെൺമിഴികൾ

വെള്ളമില്ലാകിണറ്റിലും
ചാകാനാകുമെന്ന്
ദുർഭരണഭാഷ്യം
കവചങ്ങളാകുന്നതാർക്ക്?



# തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

നഗരഭേദങ്ങളില്ലാതെ
നകരങ്ങളലറുന്നകാലം
ശാപശിലയുടെ ശിരസ്സിൽ ചവുട്ടി
മോക്ഷമേകിയവതാരചിത്തം
എന്നേശിലയായുറച്ചുപോയി
ഉന്മാദഭാവത്തെ കെട്ടിപ്പിടിച്ചു
ചിരിക്കുന്ന കപടമാതൃത്വവൈഭവം
കംസരൂപങ്ങളുണരുന്നു
പിന്നെയും കാലപഥങ്ങളില്

ഒറ്റത്തൂണിനെചുറ്റിപറ്റി
ഉടയാച്ചിതൽപ്പുറ്റുകൾ
മൗനതപസ്സിൽ മുഴുകി
മിഴിയടച്ചിരിക്കുന്നു



# തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

ഉന്മാദഭാവത്തെ കെട്ടിപ്പിടിച്ചും
ചിരിക്കുന്ന കപടമാതൃത്വവൈഭവം
കംസരൂപങ്ങളുണരുന്നു
പിന്നെയും കാലപഥങ്ങളില്

പെണ്ണുടലുകളെ
അപ്പമാക്കി കടിച്ചുകുടഞ്ഞവർ
ഒളിച്ചുനിൽക്കുന്നത്
നമ്മുടെ തന്നെ നിഴൽപ്പറ്റി
ഓരോ വഴിക്കിണറിനും
പറയുവാനുണ്ട്
പുഴകൾ വറ്റുന്ന കാലത്തിന്റെ
നെഞ്ചുപൊള്ളിക്കുന്ന നേരുകൾ

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# കാളകൾ

തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങിടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവനും,സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റി നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവനും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ
താണ്ടിത്താണ്ടി.
ദുർവിധി കുടച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്തപ്രഹരം സഹിക്കയാൽ
പൂണുകളടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ.
ഒട്ടേറെക്കാലം മുമ്പിലച്ചെറുപണ്ടകക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം

മുതൽ,ലക്ഷ്യമെ,ങ്ങറിയാതെ,മൃത്യുവിൻഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം
പതറാതെ,
ജീവിതം കയറ്റിയൊരുൾക്കടഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,
ത്താമരക്കുളം നോക്കികന്യമാർ ഗമിക്കുമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ
ശുദ്ധമാം
നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപേരാലിൻ ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികൾ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-
ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൾ
ചിലയ്ക്കുമ്പോൾ,
അന്തിയിൽ, വിഷക്കാവിൽ, വെളിച്ചമകറ്റവാൻ
ദുർമ്മന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ,

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ


അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ-
യലറും തെണ്ടിപ്പട്ടി'യോളി'യാൽ നിറയ്ക്കുമ്പോൾ
കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു ചരിപ്പതായ്.
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും;വണ്ടി-
ത്തണ്ടിന്റെ ദയാർഹമാം ഞരക്കം മാത്രം കേൾ
ക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്;'തെളിക്കുന്ന
കാള'യും ചലിക്കുന്നിതാവിധമെന്നും തന്നെ!
ഒട്ടേറെയപൂർവമായ്ക്കവേ മൂളുന്ന പാട്ടൊന്നേവം:
"നാടകമേ....യുലകം;നാളെ,നടപ്പതേ-
യാരറിവാർ-ഒരു നാടകമേ....യുലകം!"
ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടു ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രംഗം:
നാലുപേർ-അല്ലാ-നാലു കാളകൾ-പഴന്തുണി
മൂടിയ മരക്കട്ടിൽ പേറി മുന്നേറീടുന്നു!കട്ടിലിൽ-
ത്തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

വറ്റിയ'വണ്ടിക്കാള്'-പണ്ടത്തെ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൽ വിലാപം പടർന്നീലാ.
തോളത്തു ഘലനം തുങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞും മുന്നേറുന്നു.

ഓർക്കുക വല്ലപ്പോഴും(പി.ഭാസ്കരൻ)

# സമൂഹമാധ്യമങ്ങളും കുട്ടികളും



പുസ്തകങ്ങളിലൂടെയും റേഡിയോയിലൂടെയും പത്രങ്ങളിലൂടെയുമൊക്കെ വിജ്ഞാനം ആർജ്ജിച്ചിരുന്ന ഒരു പഴയ തലമുറ നമുക്കുണ്ടായിരുന്നു. നേരായ വിദ്യ തേടി,നേരായ പാതയിൽ സഞ്ചരിച്ച് ശരിയായ ലക്ഷ്യത്തിലെത്തിച്ചേർന്ന ആ പഴയ തലമുറയുടെ കാഴ്ചപ്പാടുകൾ ഇന്ന് ഇല്ലാതായി കൊണ്ടിരിക്കുന്നു. മാറി മാറി വരുന്ന ടെലിവിഷൻ ചാനലുകളുടെ കാലവും കടന്ന് ഹൈടെക്ക് സംവിധാനങ്ങളുടെ മാധ്യമ സംസ്കാരത്തിലേക്ക് ഇന്ന് എത്തിയിരിക്കുന്നു നമ്മുടെ പുതു തലമുറ.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

ഈ കുതിച്ചുച്ചാട്ടം എവിടേക്കാണ് ?നാം ചിന്തിക്കേണ്ടിയിരിക്കുന്നു.സെൽ ഫോണും,കംപ്യൂട്ടറും,ലാപ്ടോപ്പുമൊക്കെ കളിപ്പാട്ടംപോലെ കൈകാര്യം ചെയ്യുന്ന ആധുനിക തലമുറയ്ക്ക് അവയില്ലാത്ത ലോകം സങ്കൽപ്പിക്കാൻ പോലും കഴിയില്ല.പുതുതായി എത്തുന്ന ഹൈടെക്ക് സംവിധാനങ്ങളെ രണ്ടു കൈയും നീട്ടി സ്വീകരിക്കുകയാണ് ഇന്നത്തെ സൈബർ തലമുറ.അകലങ്ങളെ ഇല്ലാതാക്കുന്ന, ബന്ധങ്ങൾ വളർത്തിയെടുക്കുന്ന മൊബൈൽ ഫോൺ ഇന്ന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി തീർന്നിരിക്കുന്നു.ക്യാമറ,ഇന്റർ നെറ്റ്,ജി.പി.എസ് സംവിധാനം

ഇവയെല്ലാം ലഭ്യമാണ്.യാത്രയിൽ
ഉപയോഗിക്കാം എന്ന നിലയിൽ
അതിന്റെ ഉപയോഗം നന്നാണ്.
എന്നാൽ നമ്മുടെ വിദ്യാർ
ത്ഥികളെ വഴിതെറ്റിക്കുന്നതിൽ
മൊബൈൽ ഫോണുകൾ മുന്നിലാണ്
എന്നത് ഞെട്ടിക്കുന്ന
യാഥാർത്ഥ്യമാണ്.യു.പി ക്ലാസുകൾ മുതൽ
ഒളിച്ചും അല്ലാതെയും മൊബൈൽ ഫോൺ
ഉപയോഗിക്കുന്ന കുട്ടികളുടെ എണ്ണം
വർധിച്ചിരിക്കുന്നു.ആകർഷിക്കുന്നതെന്തും
സ്വന്തമാക്കാനുള്ള മോഹം
ഉള്ളിൽ വളരുന്ന കൗമാരപ്രായക്കാരെ
ഇതിന്റെ ഉപയോഗം വഴി തെറ്റിക്കുന്നു.



തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# നാട്ടുമാവ്

നാട്ടുവഴിപ്പച്ചയിലെ
തൊട്ടാവാടി മയക്കം
മുക്കുറ്റി മഞ്ഞ
ചെളി മണം

ഓത്തു പള്ളിയിലെ
കശുമ്മാവിൻ തോട്ടത്തിൽ നിന്നും
അൻവർ കൊണ്ടുതരാറുള്ള
ചുവന്ന മാങ്ങമധുരം

അമ്പലപ്പറമ്പിലെ
ആൽമരം പോലെ
തണൽ തലോടലായ്
അച്ഛനും അമ്മയും



## തുലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

തുമ്പപ്പൂ വെൺമ പോൽ
വാത്സല്യമെൻ പെങ്ങൾ
കമ്പ്യൂട്ടറിന് ജീവിതം
പകുതി കൊടുക്കുമ്പോൾ
നാടിപ്പോൾ ഓർമ്മകളുടെ
യൊരു കുമ്പാരം

# പഴഞ്ചൊല്ലുകൾ

1.അപ്പം തിന്നാൽ

പോരേ,കുഴിയെണ്ണണോ.

2.അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.

3.അടിതെറ്റിയാൽ ആനയും വീഴും.

4.അണ്ണാനെപ്പിടിച്ച്

തൊഴുത്തിലടച്ചിട്ടെന്താ.

5.ഇരുതോണിയിൽ കാൽ വച്ചാൽ

നടുപ്പുഴയിൽ.

6.ഐക്യമത്യം മഹാബലം.

7.ഒരുവെടിക്ക് രണ്ടു പക്ഷി.

8.ഒത്തുപിടിച്ചാൽ മലയും പോരും.

9.കുരയ്ക്കുന്ന പട്ടി കടിക്കില്ല.

10.കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻകുഞ്ഞ്.

11.കാക്ക കുളിച്ചാൽ കൊക്കാകുമോ?

12.കുന്തം പോയാൽ കുടത്തിലും തപ്പണം.

13.ചൊട്ടയിലെ ശീലം ചുടല വരെ.

14.ചന്തമുള്ളതിനെന്തിനാ ചായം തേപ്പ്.

15.ചക്കിനു വച്ചത് കൊക്കിനു കൊണ്ടു.

തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# വീമ്പിളക്കിയാൽ പോരാ.........

വളരെ കാലത്തിനു ശേഷം തണ്ടൻ കുറുക്കനും കണ്ടൻ പൂച്ചയും ചെട്ടിക്കാട്ടിൽ വെച്ച് കണ്ടുമുട്ടി. അവർക്ക് വിശേഷങ്ങളേറെ പറയാനുണ്ടായിരുന്നു. ഒടുവിൽ അവരുടെ സംഭാഷണം ചെന്നെത്തിയത് ആപത്തുകളിൽ നിന്ന് എങ്ങനെ രഷപ്പെടാം എന്ന ചർച്ചയിലാണ്. തണ്ടൻ ചോദിച്ചു.“ആപത്തുകളിൽ നിന്ന് രഷപ്പെടാൻ നൂറു നൂറു സൂത്രങ്ങൾ എനിക്കറിയാം നിനക്കോ?”“എനിക്ക് അധികമൊന്നും വശമില്ല ചങ്ങാതി". കണ്ടൻ മറുപടി പറഞ്ഞു.എന്നാൽ ഒരേയൊരു മാർഗ്ഗം മാത്രം ഞാൻ പഠിച്ചിട്ടുണ്ട്.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

കുറുക്കൻ ശിരസ്സയുർത്തിപ്പിടിച്ച് ഓരിയിട്ടു കൊണ്ട് പറഞ്ഞു. "നിന്റെ കഴിവില്ലായ്മയിൽ എനിക്കു സഹതാപമുണ്ടെടാ കണ്ടാ. ഞാൻ നിനക്ക് ചില സൂത്രവേലകളൊക്കെ പഠിപ്പിച്ചു തരാം. അതെല്ലാം നിനക്ക് ഭാവിയിലേക്ക് പ്രയോജനപ്പെടും.

തണ്ടൻ കുറുക്കൻ അടുത്തു കിടന്നിരുന്ന പാറായിൽ കയറി ഞെളിഞ്ഞിരുന്നു.

അപ്പോൾ അപ്രതീക്ഷിതമായി രണ്ടു നായാട്ടു നായ്ക്കൾ ആ വഴിക്കു വന്നു. നായ്ക്കൾ കുറുക്കനേയും പൂച്ചയേയും മാറി മാറി നോക്കി.

കറുക്കൻ പേടിച്ചു കിടുകിടാ വിറച്ചു. അവന് ഒരക്ഷരം മിണ്ടാൻ കഴിഞ്ഞില്ല.പൂച്ച അടുത്തു നിന്നിരുന്ന മരത്തിലേയ്ക്ക് ഒറ്റചാട്ടം.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

മരത്തിൽ കയറി കണ്ടൻ ഇലകൾക്കിടയിൽ ഒളിച്ചിരുന്നു. നായ്ക്കൾ തമ്മിൽ പറഞ്ഞു. ഈ കുറുക്കൻ തെമ്മാടിയാണ്. ഇവനെ വിടരുത്. ഇവനാണ് നാം കാട്ടിലെത്തുന്ന വിവരം വലിയ മൃഗങ്ങളെ അറിയിക്കുന്നത്. കൊച്ചു കൊച്ചു മൃഗങ്ങളെ ഇവൻ കൗശലം കൊണ്ടു പാട്ടിലാക്കി കൊന്നു തിന്നും."എന്തു ചെയ്യണമെന്നറിയാതെ, പേടിച്ചു പകച്ചു പോയ കുറുക്കന് രക്ഷപ്പെടാൻ സൂത്രമൊന്നും തോന്നിയില്ല. അവൻ പഠിച്ച വിഷയങ്ങളിൽ മരം കയറ്റം ഇല്ലായിരുന്നു.

വേട്ടപ്പട്ടികൾ മുറുമുറുത്തു ......പിടിയവനെ.... നായ്ക്കൾ തണ്ടന്റെ നേരെ കുതിച്ചു ചാടി.അവ നഖങ്ങൾ കൊണ്ട് തണ്ടനെ അള്ളിപ്പിടിച്ചു കടിച്ചു കൊന്നു.



# ഗാന്ധിസാഹിത്യസംഗ്രഹം

- ഗാന്ധിജി

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂത്രം

തരാം.

നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ

അഹന്ത നിങ്ങളിൽ

അതിരുകവിയുമ്പോഴോ ഈ ഒരു ഉപായം

പരീക്ഷിച്ചുനോക്കിയാൽ മതി.


നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും

ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ


മുഖം സങ്കൽപ്പിച്ചുനോക്കുക. എന്നിട്ട്

നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം

അയാൾക്ക് ഏതെങ്കിലും



പ്രയോജനപ്പെടുമോ? എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?
അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.



തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# കുട്ടിക്കവിതകൾ

മാനത്തിൽ ചന്ദ്രനുണ്ടെന്ന്
ചൊന്നതാരെന്റെ കൺമണി
ആരും ചൊല്ലിയതല്ലല്ലോ
കണ്ണാൽ കണ്ടതാണല്ലോ

കുയിൽ കൂകുന്നുണ്ടെന്ന്
ചൊന്നതാരെന്റെ കൺമണി
ആരും ചൊല്ലിയതല്ലല്ലോ
ചെവിയിൽ കേട്ടതാണല്ലോ

പഴങ്ങൾക്ക് മധുരമുണ്ടെന്ന്
ചൊന്നതാരെന്റെ കൺമണി
ആരും ചൊല്ലിയതല്ലല്ലോ



തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

നാവാൽ രുചിച്ചതാണല്ലോ

മുല്ലയ്ക്ക് നല്ല മണമുണ്ടെന്ന്

ചൊന്നതാരെന്റെ കൺമണി

ആരും ചൊല്ലിയതല്ലല്ലോ

മൂക്കാൽ  മണം അറിഞ്ഞതാണല്ലോ

# സി.വി ശ്രീരാമൻ (1933-2007)



തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്ത്,രാഷ്ട്രീയപ്രവർത്തകൻ, അഭിഭാഷകൻ.കേരളസാഹിത്യ അക്കാദമി ഉപാധ്യക്ഷൻ,കേന്ദ്ര സാഹിത്യ അക്കാദമി

ഉപാധ്യക്ഷൻ,കേന്ദ്ര സാഹിത്യ അക്കാദമി

അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത്,ബ്ലോക്ക്പഞ്ചായത്ത്

പ്രസിഡന്റായിരുന്നിട്ടുണ്ട്.വാസ്തുഹാര,ക്ഷുര


സ്യധാര,ഓർമ്മച്ചെപ്പ്,തീർഥക്കാവടി,ദുഃഖി

തരുടെ ദുഃഖം,പുറംകാഴ്ചകൾ.

തുടങ്ങിയവ കൃതികൾ.കേന്ദ്ര-കേരള

സാഹിത്യ അക്കാദമി അവാർഡുകൾ

ലഭിച്ചട്ടുണ്ട്.





# അന്യജീവനുതകി സ്വജീവിതം

ഇന്ത്യ

17.07.1945

പ്രിയപ്പെട്ട പ്രധാനമന്ത്രി,

എളിയ ഈ 'നഗ്നനായ ഫഖീറി'നെ താങ്കൾ എന്നെ അങ്ങനെ വിശേഷിപ്പിച്ചതായി പറയപ്പെടുന്നു - തകർക്കാൻ ആഗ്രഹിച്ചതായി അറിയുന്നു.ഒരു ഫഖീറായിരിക്കാൻ, വളരെക്കാലമായി ഞാൻ ശ്രമിച്ചിട്ടുണ്ട്. കുറേക്കൂടി പ്രയാസമുള്ള ഒരു ഉദ്യമമാണ് അത്. അതിനാൽ ആ പ്രയോഗത്തെ ഒരു

ബഹുമതിയായി ഞാൻ ഗണിക്കുന്നു;താങ്കൾ അങ്ങനെ ഉദ്ദേശിച്ചിരിക്കുകയെങ്കിലും, ആ നിലയിൽത്തന്നെ താങ്കളെ ഞാൻ സമീപിക്കുന്നു. താങ്കളുടെയുംഎന്റെയും നാട്ടിലെ ജനതകൾക്കുവേണ്ടിയും തദ്വാര ലോകജനതയ്ക്കു വേണ്ടിയും എല്ലാം വിശ്വസിക്കാനും പ്രയോജനപ്പെടുത്താനും താങ്കളോട് ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

താങ്കളുടെ ആത്മാർഥ സുഹൃത്ത്

എം.കെ.ഗാന്ധി

# കടംകഥകൾ


- പാടത്തെ വെള്ളവുംവറ്റി കിളി ചത്തും
  പോയി – എണ്ണ വറ്റി വിളക്കണയുക
- ഒരു കുന്തത്തിൽ ആയിരം കുന്തം
  – ഓലമടൽ
- ഓട്ടും കാലില്ല,
  കരയും കണ്ണില്ല,
  അലറും വായില്ല
  – മേഘം
- ആയിരം വള്ളി
  കുറേ വള്ളി
  വെള്ളത്തിൽ താഴും നേരം ഒറ്റവള്ളി
  – തലമുടി
- അമ്മ കിടക്കും മകളോട്ടം
  – അമ്മിക്കല്ല്

തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ഒരു കുടന്ന വെളിച്ചമായ്

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു . സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു . അയാൾ ആ പ്രതിമയെ ഒരു വലിയ വിലക്ക് വിറ്റു. പണവുമായി വീട്ടിലേക്ക് മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി : ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം



തുലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞു
കിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു
പകരമായി ഇത്രമാത്രം പണം നൽകി
ഏതു വിഡ്ഢി വിലയ്ക്കു വാങ്ങും?
അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന
പ്രതിമയിലേക്ക് നോക്കി
സൗന്ദര്യാസ്വാദകനായ അയ്യാൾ ഇങ്ങനെ
ചിന്തിക്കുകയായിരുന്നു: എന്തൊരു
സൗന്ദര്യം!എന്തൊരു ജീവപ്രകാശം!
ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ
നിദ്രയ്ക്കുശേഷം എന്റെ കൈകളിൽ
എത്തിച്ചേർന്നിരിക്കുന്നത് ഏത്
ആത്മാവിന്റെ സ്വപ്നമാണ്! മൃതവും
സ്വപ്നരഹിതമായ പണത്തിനായി ഇതിനെ
കൈമാറാൻ ആർക്കു തോന്നും?

സെൻ്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# എൻ്റെ വിദ്യാലയം

തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻചേട്ടിലാണെൻ്റെ
വിദ്യാലയം
ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ
കരിവാന -
മിന്നിതാ ചിരിക്കുന്നു പാലൊളി ചിതറുന്നു.
"മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിരിയാറു"
ണ്ടച്ചെറുപൂന്തോപ്പിലെപനിനീരുരയ്ക്കുന്നു.
മധുവിൻ മത്താൽപാറി മൂളുന്നു മധുപങ്ങൾ:
"മധുരമീജീവിതം ചെറുതാണെന്നാകിലും."
പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി
പറവൂ മഹത്തത്ത്വം: "പരസേവനം
കാര്യം"





ആരല്ലെൻ ഗുരുനാഥ, രാരല്ലെൻ
ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ
പഠിപ്പിക്കുന്നുണ്ടെന്തോ!

(ജാലകപക്ഷി) ഒളപ്പമണ്ണ

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# എങ്ങുപോയി?

ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിനു വേണ്ടും മധു നിറച്ച
ദന്തങ്ങൾ പോയ്ക്കവിളൊട്ടപ്പോയ
കുന്നിനു യൗവനകാന്തി നൽകി
ഓടിനടന്നു കളിച്ച മന്നിൻ
വാടി പുതുക്കളും വെയിൽനാളങ്ങൾ
പൊന്നിൻ കസവുകൾ നെയ്യുതള്ളും
മഞ്ഞുമുകിലിലൊളിഞ്ഞുനിന്നു
പച്ചിലക്കുമ്പിളിൽപൂവറുത്തി –
ട്ടുത്രാടസന്ധ്യ തളർന്നു നിന്നു.
മന്നത്തെയോണം നുകർന്ന നാട്ടിൽ
പോരിൻ പഴങ്കഥപ്പാട്ടു പാടി
പേരാറലകൾ കളിക്കും നാട്ടിൽ,

തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

കൈതമലർമ്മണം തേവി നിൽക്കും
തൈത്തെന്നൽ തോഴനായ് വാണനാട്ടിൽ,
അൻപിൻ പൂപ്പുഞ്ചിരിപ്പോറ്റിപ്പോരും
തുമ്പകൾ നാടിവിളിക്കും നാട്ടിൽ,
പച്ചിലക്കാടിൻ കടവു താണ്ടി –
പൈങ്കിളിപ്പാട്ടു വിതയ്ക്കും നാട്ടിൽ
സത്യസംസ്കാരത്തിടമ്പിൻ
വച്ച കെടാവിളക്കെങ്ങുപോയി ?
നാടിൻമുഖത്തെപ്പരിവേഷങ്ങൾ
ചൂഴമവകോളിയെങ്ങുപോയി ?

(കവിയെവിടെ) പി. കുഞ്ഞിരാമൻനായർ








# ചെറുശ്ശേരി

ക്രിസ്തുവർഷം പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി.കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു.ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# വെന്താമരപ്പൂവിൽ

വെന്താമരപ്പൂവിൽ പള്ളികൊള്ളും
വെള വെള മേനി വെളുത്ത പെണ്ണേ
വെഞ്ചന്ദനം കൊണ്ടുപൂച്ചന്നോള
വെൺമുത്തു മാലയണിന്തനങ്കേ!
വെള്ളത്തിൽ തന്നെ വസിക്കുന്നോളേ
വെള്ളത്തിൽ തന്നെ വസിക്കുന്നോളേ
നാലാകും തിങ്കൾ തിരുവാതിര
മംഗല്യ പെണ്ണുങ്ങൾ ഞങ്ങൾ നോറ്റു
എന്റെ സരസ്വതി തമ്പുരാട്ടീ
ഞാനിതാ നിൻപദം കുമ്പിടുന്നേൻ!






# അമ്മ

കണ്ണായിരുന്ന അമ്മ പിന്നീടു കണ്ണിലെ
കരടായിമാറി
മുലപ്പാലിന്റെ മാറിലെ ചൂടിന്റെയും
ലാളനയുടെയും കടംവീട്ടിയയച്ച
വൃദ്ധസദനമെന്ന
പുരാവസ്തുകേന്ദ്രത്തിലേക്ക്

കണ്ണും പിന്നീട് കണ്ണിലെ കരടുമായമ്മയുടെ
കണ്ണിലേക്ക് മരണമിരച്ചുകേറുമ്പോഴുമാ
പുരാവസ്തുവിന്റെ കണ്ണുകൾ തേടുന്നു
മനുഷ്യത്വമില്ലാത്ത പൊന്നോമനകളേ.....


# നിലാവിനോട്

ഓടിവാ, ഓടിവാ, പൂനിലാവേ!
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.
പിഞ്ചുകൈ നീട്ടിക്കുതുകത്തോടെ
കൊഞ്ചിവിളിക്കുന്നു പൈതൽ നിന്നെ
അമ്പിളിത്തേർവിട്ടിറങ്ങിവാ നീ
അക്കൊണ്ടൽ ആനമേൽ ഏറിവാ നീ.
ഓടിവാ, ഓടിവാ പൂനിലാവേ!
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.
പാരിതിൽ വന്നു കളിക്കുന്നേരം
പാലും പഴവും തരുന്നതുണ്ട്
പൂപ്പന്തലേറിക്കളിക്കുന്നേരം
പൂന്തേനും പൂവും തരുന്നതുണ്ട്



# സാന്ദ്രസൗഹൃദം


സാന്ദീപനീഗൃഹേ പണ്ടു സാഹസാൽകഴി
ഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും
സാരനായഭവാനൊന്നും മറന്നില്ലല്ലീ?
ഗുരുപത്നിനിയോഗേന കദാചന
നാമെല്ലാരും
ഒരുമിച്ചു വിറകില്ലാഞ്ഞിട്ടു പോയതും
പെരുങ്കാട്ടിലാ
പൂക്കിന്ധനമൊടിച്ചുകെട്ടിവെച്ചതും
അരുണനസ്തമിച്ചതും മറന്നില്ലല്ലീ?





# അമ്മ നന്മ

മാതൃസ്നേഹം പുലർത്തും
പൊൻ പുലരിയാണെന്നമ്മ
എന്നെ മാറിൽ ചേർത്തു നിർത്തും
പൈങ്കിളിയാണമ്മ
എന്നിൽ സ്നേഹം വിതക്കുന്ന
പൊന്നുഷസ്സെന്നമ്മ
എന്നിലെന്നും സുഖമുണർത്തും
നന്മ മരമെന്നമ്മ
അമ്മ എന്ന അക്ഷരത്തിൽ
ഞാൻ പഠിച്ച നന്മ
നന്മ എന്ന അക്ഷരത്തിൽ
ഞാനറിഞ്ഞു അമ്മ





സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ഉള്ളൂർ എസ്.പരമേശ്വരയ്യർ

(1877-1949)

ചങ്ങനാശ്ശേരിയിൽ ജനനം. മഹാകവി,
സാഹിത്യചരിത്യകാരൻ,ഗവേഷകൻ,നിരൂ
പകൻ,പത്രാധിപൻ,തിരുവിതാംകൂർ
ഗവൺമെന്റിലെ ദിവാൻ പേഷ്കാർ
തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര
പതിപ്പിച്ചു.ഉമാകേരളം,കേരളസാഹിത്യചരി
ത്രം,കർണഭൂഷണം,പിംഗള,ചിത്രശാല,താ
രാഹാരം,തരംഗിണി,
കല്പശാഖി,അംബ,മുതലായവപ്രധാന
കൃതികൾ.

# തുടിതാളം തേടി.....

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,ന
ഏടലർചൊങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനൊപ്പം
(പണ്ടത്തെപാട്ടുകൾ) വള്ളത്തോൾ

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# സഹപാഠികൾ

അറിവിന്റെ ഇത്തിരിവെട്ടം നുകർന്നപ്പോൾ
സ്നേഹത്തിന്റെ കൈത്തിരിനാളം
അണയാതെ കാത്തവർ
സുഖദുഃഖങ്ങൾ ഒന്നിച്ചുനുകർന്നവർ
എന്റെ സഹപാഠികൾ!
കുഞ്ഞുദുഃഖങ്ങൾ മിഴി നനച്ചീടുമ്പോൾ
കനവിൻ സാന്ത്വന വഞ്ചിയേറി വന്നവർ
നിഷ്കളങ്കതതൻ പൂപ്പാത്രം നിറയെ
പൊട്ടിച്ചിരിയാം നറുതേൻ നിറച്ചവൻ
എന്റെ സഹപാഠികൾ!
കീഴടക്കാൻ വീഥികൾ ഏറെയെന്നാകിലും
യാത്ര തുടരട്ടെ ഞങ്ങളൊന്നായ്

തൂലിക

സെൻ്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ആഭരണം

മറ്റുള്ളവരെ സ്നേഹിക്കുകയും പരിഹസിക്കുകയും തിരുത്തുകയും ചെയ്ത രസികനായിരുന്നു മുട്ടസ്സനമ്പൂരി.ഒരു ദിവസം അദ്ദേഹം ആറാട്ടുപുഴപ്പൂരം കാണാൻ പോയി.പൂരത്തിനു വരുന്നവരെല്ലാം ശരീരത്തിൽ പരമാവധി ആഭരണങ്ങളണിഞ്ഞാണ് എത്താറുള്ളത്.കൈയിലില്ലാത്തവർ കടംവാങ്ങിയണിയും,ഇതായിരുന്നു പതിവ്. മുട്ടസ്സനമ്പൂരി ഒരു പെട്ടിയും തലയിലേറ്റി പൂരസ്ഥലത്ത് ആൽത്തറയിൽ കയറി നിൽപ്പായി. തന്റെ തറവാട്ടുവക സ്വത്തിന്റെയെല്ലാം ആധാരമാണ് ആ

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

പെട്ടിയിലുണ്ടായിരുന്നത്. ആളുകൾക്ക് അദ്ഭുതമായി."എന്താ ,തിരുമേനി പെട്ടിയേറ്റി നിൽക്കുന്നത് ?" അവർ അന്വേഷിച്ചു."ഓ എന്റെ ആധാരപ്പെട്ടിയാണിത്.ഇത് തുറന്നു നോക്കിയാൽ എത്ര സ്വത്തുണ്ടെന്നറിയാം"."അതിന് ഞങ്ങളാരും ഞങ്ങളുടെ സ്വത്ത് വെളിപ്പെടുത്തുന്നില്ലല്ലോ".ആളുകൾ പറഞ്ഞു."ഇല്ലേ? നിങ്ങളുടെ ശരീരത്തിലുള്ള ആഭരണങ്ങൾ നോക്കിയാലറിയാമല്ലോ അത്"."ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല.അതു കൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്".നമ്പൂതിരിയുടെ മറുപടി കേട്ട് ആളുകൾ തലതാഴ്ത്തി, തങ്ങളുടെഭ്രമം അവസാനിപ്പിച്ചു.

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# രാമപുരത്ത് വാര്യർ

കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒറ്റകാവ്യത്തിലൂടെ മലയാളസാഹിത്യലോകത്ത് അനശ്വരനായ കവിയാണ് രാമപുരത്ത് വാര്യർ.കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽപ്പെട്ട രാമപുരത്തെ ഒരു ദരിദ്ര കുടുംബത്തിലാണ് വാര്യരുടെ ജനനം. സാധാരണക്കാർക്ക് പരിചിതമായ വ ഞ്ചിപ്പാട്ടിന്റ ഈണം സ്വീകരിക്കുകയും ദാരിദ്ര്യം പ്രമേയമാക്കുകയും ചെയ്തുകൊണ്ടാണ് രാമപുരത്ത് വാര്യർ കുചേലവൃത്തം വഞ്ചിപ്പാട്ട് രചിച്ചത്.



ളുലിക


സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

ദാരിദ്ര്യം പ്രമേയമാക്കിയ മലയാളത്തിലെ ആദ്യ കാവ്യം കൂടിയാണിത്.

രാമപുരത്ത് വാര്യരുടെ ജീവിതകാലം 18–ാം നൂറ്റാണ്ട്.

ഭക്തിനിറഞ്ഞ ഒരു പുരാണകഥയെ ഒരു മനോഹരകാവ്യമാക്കി അവതരിപ്പിച്ചു എന്നതാണ് രാമപുരത്തു വാര്യരുടെ മഹത്വം.

ഭാഷാഷ്ടപദിയെന്നൊരുകൃതിയും രാമപുരത്തു വാര്യർ രചിച്ചിട്ടുണ്ട്.



തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# പുലിയായി മാറിയ എലി

ഒരു എലിയെ പരുന്ത് റാഞ്ചിക്കൊണ്ട്

പോവുകയായിരുന്നു.

എലി പിടഞ്ഞപ്പോൾ അത് താഴെ

ധ്യാനിച്ചിരുന്ന ഒരു സന്ന്യാസിയുടെ

മടിയിൽ ചെന്നുവീണു.സന്ന്യാസി അതിനെ

ലാളിച്ചു വളർത്തി.ഒരു ദിവസം എലിയെ

പിടിക്കാൻ ഒരു പൂച്ച വന്നെത്തി.എലി

സന്ന്യാസിയോട്

വിവരം പറഞ്ഞു.ഉടനെ സന്ന്യാസി

എലിയെ പൂച്ചയാക്കി

മാറ്റി.


ആ പൂച്ചയെ ഒരു ദിവസം പട്ടികൾ

പിടിക്കാൻ വന്നു.

“എന്നെ രക്ഷിക്കണേ..”സന്ന്യാസിയോട് പൂച്ച അപേക്ഷിച്ച സന്ന്യാസി പൂച്ചയെ ഒരു പട്ടിയാക്കി മാറ്റി.പട്ടിയെ ഒരു ദിവസം ഒരു കടുവ പിടിക്കാനെത്തി.“എന്നെ രക്ഷിക്കണേ..” പട്ടി നിലവിളിച്ചു.സന്ന്യാസി പട്ടിയെ ഉടനെ ഒരു കടുവയാക്കി മാറ്റി.കടുവയെ കണ്ട ആളുകൾ പറഞ്ഞു.“അതൊരു എലിയായിരുന്നു..സന്ന്യാസി അതിനെ പുലിയാക്കി മാറ്റിയതാണെന്ന്.”അതുകേട്ടപ്പോൾ പുലിക്ക് നാണക്കേട് തോന്നി.അവൻ സന്ന്യാസിയെ കൊന്ന്

നാണക്കേടിൽ നിന്ന് രക്ഷനേടാമെന്ന്
കരുതി അദ്ദേഹത്തെ ആക്രമിച്ചു.അപ്പോൾ
എന്തുണ്ടായെന്നോ??

സന്ന്യാസി പുലിയെ വീണ്ടും
എലിയാക്കി മാറ്റി.എലി പേടിച്ച്
അവിടെനിന്ന് ഓടിപ്പോയി.




തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

# ENGLISH

# INDEX



- R.K NARAYAN
- SEND ME AN ANGEL
- A PRAYER IN SPRING
- SAVING EARTH
- MIRROR ,MIRROR
- THINK WISELY



# R.K NARAYAN(10 OCTOBER 1906-2001)

Full name Raspram Krishnaswami Iyer Narayanaswami was an Indian writer known for his works set in the fictional south Indian town of Malgudi . He was a leading author of early Indian literature in English .

The fictional town of Malgudi was first introduced in 'Swami and Friends ' which is a part of his semi autobiographical tirlogy. 'THE TRIO' is the renamed title of the second chapter of 'Swami and Friends ' which has the original title 'Rajam and Mani'.



# Send Me An Angel

The wise man said just walk this way
to the dawn of the light
the wind will blow on your face

As the years pass you by
Hear this voice from deep inside
It's the call of your heart
Close your eyes and you will find
The passage out of the dark
Here I am
will you send me an angel?
Here I am
In the land of the morning star
The wise man side just find your
place

സെന്റ് ജോ

In the eye of the storm
Seek the roses in the way
Just beware of the thorns

Here I am
will you send me an angel?
Here I am
In the land of the morning star

The wise man side just raise your hand
And reach out for the spell
Find the door to the promised land
Just believe in yourself
Hear this voice from deep inside
It’s the call of your heart
Close your eyes and you will find
The way out of the dark


Here I am
will you send me an angel?
Here I am
In the land of the morning star


# A Prayer In Spring

Oh,give us pleasure in the flower to-day;
And give us not to think sofar away
As the uncertain harvest;Keep us here
All simply in the springing of the year

Oh,give us pleasure in the orchard white,
Like nothing else by day,like ghosts by night;
And make us happy in the happy bees,The swarm dilating  round the perfect trees.

And make us happy in the darting bird
That suddenly above the bees is heard
The meteor that thrusts in with needle bill
And off a blossom in mid air stands still

For this is love and nothing else is love
The which it is reserved for god above
To sanctify to what far ends he will
But which it only needs that we fulfil.



# SAVING EARTH


The earth is my home
I promise to keep it
healthy and beautiful

I will love the land, the air
the water, and all living creatures

I will bed defender of
my planet
united with friends
I will save the earth

# THE WONDER OF NATURE..

Nature!Nature! So lush and green.
The wonder of wonder anyone has seen.
So cool and calm and full of life
Make as forget all our strife.
Think of a forest full of trees,
Fluttering and dancing in the breeze.
Cut them down and construct towers,
Wait for ages to get a shower.
The birds that sour high in the sky,
Can we imitate them however hard we try.
Learn to wonder and gape at things
And see the happiness it brings.



We have got such wonderful things,
Do what you can and save a wing.
So that our children in future,
Can see the things we have
nurtured...

# The Road Not Taken

-By Robert Frost

Two roads diverged in a yellow wood,
And sorry I could not travel both
And be one traveler, long I stood
And looked down one as far as I could
To where it bent in the undergrowth;
Then took the other, as just as fair,
And having perhaps the better claim,
Because it was grassy and wanted wear;through that the passing there

Had worn them really about the
same,
And both that morning equally lay
In leaves no step had trodden black.
Oh, I kept the first for another day!
Yet knowing how way leads on to
way,
I doubted if I should ever come back.
I shall be telling this with a sigh
Somewhere ages and ages hence:
Two roads diverged in a wood, and
I took the one less travelled by,
And that has made all the
difference.





# MIRROR , MIRROR

Mirror, mirror
Don’t display my eyes,
Don’t display my hair,
Don’t display my teeth.

Mirror, mirror
Display my courage
Display my knowledge
Display my voyage
Display my message
Display my passage
To go in the right direction
As you show.


Madhuri Sawant

# Think Wisely

If you think you are beaten, you are;
If you think you dare not, you don't.
If you'd like to win, but you think
you can't,
It is almost a cinch you won't.

If you think you'll lose, you've lost;
For out in this world we find
Success begins with a person's will
It's all in the state of mind.

If you think you're outclassed, you
are;
You've got to think high to rise.



You've got to be sure of yourself
before
You can ever win the prize.
Life's battles don't always go
To the stronger or faster man;
But sooner or later the person who
wins
Is the one who thinks he can!

# GALLERY


NIYA JOSEPH
IX B


NIYA JOSEPH


NIYA JOSEPH


NIYA JOSEPH



PAVITHRA K P



SONA K JUDSON

# തൂലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ








ALIN MARIA



ALIN MARIA JUBEE

തുലിക

സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ

ന



# നന്ദി